
# 360 ഡിഗ്രി ഫോട്ടോഗ്രഫി @റിയൽ എസ്റ്റേറ്റ്

ഷീബ ജെയിംസ്

'വാക്കുകൾ വറ്റുന്നിടത്ത് ചിത്രം വാചാലമാകുന്നു'. പ്രശസ്ത ഓസ്ട്രേലിയൻ ലാൻഡ്സ്കേപ്പ് ഫോട്ടോഗ്രാഫർ ഡെസ്റ്റിൻ സ്പാർക്സിന്റെ വാക്കുകളാണിത്. കഥ പറയുന്നതും, കരയിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായ ചിത്രങ്ങൾ, ഭാവനയുടെ അനന്തതയിലേക്ക് കൊണ്ടു പോകുന്നത്. ഫോട്ടോഗ്രഫിയുടെ കഥ ഇങ്ങനെ തുടരുന്നു. ഇതിൽ എവിടെയാണ് യാഥാർത്ഥ്യം, അല്ലെങ്കിൽ സത്യം?. യാഥാർത്ഥ്യത്തെ വെല്ലുന്ന യാഥാർത്ഥ്യം അതാണ് 360 ഡിഗ്രി ഫോട്ടോഗ്രഫി അല്ലെങ്കിൽ പനോരമ ഫോട്ടോഗ്രഫി. എല്ലാം ഡിജിറ്റലായ ഈ കാലത്ത് ഫോട്ടോ എന്ന പദം പോലും ഇമേജ് എന്ന് മാറ്റി നിർവ്വചിക്കപ്പെടുമ്പോൾ കലർപ്പില്ലാത്ത ഫോട്ടോഗ്രഫിയിലൂടെ യാഥാർത്ഥ്യം ഒരു തരി പോലും ചോരാതെ തെളിയുകയാണിവിടെ. ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഈ സാങ്കേതികവിദ്യയുടെ തുടക്കക്കാരനും പ്രചാരകനും എല്ലാമാണ് ഫോട്ടോഗ്രഫിയിൽ പുതുതലങ്ങൾ കണ്ടെത്തി മുന്നേറുന്ന ലീൻ തോബിയാസ്. ഇന്ത്യയുൾപ്പെടെ 32 രാജ്യങ്ങളിൽ പല മേഖലകളിലായി 2000–ത്തോളം വിർച്വൽ റിയാലിറ്റി ഫോട്ടോകൾ എടുത്തു കഴിഞ്ഞ അദ്ദേഹം റിയൽ എസ്റ്റേറ്റ് രംഗത്ത് പുതുതരംഗം തീർത്തേക്കാവുന്ന റിയൽ എസ്റ്റേറ്റ് ഫോട്ടോഗ്രഫിയിലും 360 ഡിഗ്രിയുടെ സാധ്യത അനന്തമാണെന്ന് വിലയിരുത്തുന്നു.

കേരളത്തിൽ 360 ഡിഗ്രി ഫോട്ടോഗ്രഫി അല്ലെങ്കിൽ പനോരമ ഫോട്ടോഗ്രഫിയുടെ തുടക്കക്കാരനും പ്രചാരകനുമാണ് ലീൻ തോബിയാസ്



ലീൻ തോബിയാസ്

ദുബായിലെ ബുർജ് ഖലീഫ ഉൾപ്പെടുന്ന മേഖലയുടെ 360 ഡിഗ്രി ഫോട്ടോ





അബുദാബിയിലെ ശൈഖ് സയ്യിദ് ഗ്രാൻഡ്മോസ്കിന്റെ 360 ഡിഗ്രിയിലുള്ള പുറംകാഴ്ച

## 360 ഡിഗ്രി ഫോട്ടോഗ്രഫി അഥവാ പനോരമ

ഒരു ദൃശ്യം അല്ലെങ്കിൽ വസ്തുക്കളുടെ ഒറ്റ നോട്ടത്തിലൊതുങ്ങുന്ന കാഴ്ചയാണ് സ്റ്റിൽ ഫോട്ടോഗ്രഫിയിൽ നാം കാണുന്നത്. എതെങ്കിലുമൊരു ദൃശ്യത്തിന്റെ തുടർച്ച സാധ്യമാകുന്നത് വീഡിയോയിൽ മാത്രമാണ്. സ്റ്റിൽ ഫോട്ടോയിൽ കാഴ്ചയുടെ തുടർച്ച കാണണമെന്ന് ആഗ്രഹിച്ചാലും കഴിയില്ല. 360 ഡിഗ്രി ഫോട്ടോഗ്രഫിയിൽ സാധ്യമാകുന്നത് അതാണ്. 180 ഡിഗ്രിയെന്നത് മുകളിലും, ചുവടെയുമുള്ള കാഴ്ചയാണെങ്കിൽ 360 ഡിഗ്രിയെന്നത് ഒരു ഷഡ്ഭുജം പോലെയാണ്. തറയിൽ നിൽക്കുന്ന ഒരാളെ പരിഗണിച്ചാൽ അയാളുടെ മുകളിലും താഴെയും, മുന്നിലും, പിന്നിലും, ഇടതും വലതും ഉള്ള കാഴ്ചയാണ് 360 ഡിഗ്രി ഫോട്ടോ. ഒരിടത്ത് നിന്ന് നോക്കുമ്പോൾ ചുറ്റും കാണുന്നതെല്ലാം ഒറ്റ ഫ്രെയിമിലൊതുക്കുന്നു ഇവിടെ. സൂം ചെയ്തു കാണുമ്പോഴും ചിത്രത്തിന്റെ പൂർണ്ണത എല്ലായിടത്തും ഒരു പോലെയാണെന്നതും പ്രത്യേകതയാണ്. പ്രത്യേക ലെൻസുപയോഗിച്ച് റൊട്ടേഷണൽ ക്യാമറയിലാണ് ചിത്രങ്ങൾ പകർത്തുന്നത്. സ്നാപ്പുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ചിത്രം യാഥാർത്ഥ്യത്തിലേക്ക് മുന്നേറി കൊണ്ടിരിക്കും. എല്ലാ സ്നാപ്പുകളും ക്രമംതെറ്റാതെ ചേരുമ്പോൾ വിശാലമായൊരു ദൃശ്യത്തിന്റെ ഏറ്റവും സ്വാഭാവികവും യഥാർത്ഥവുമായ അനുഭവത്തിലെത്തുന്നു നമ്മൾ.

## റിയൽ എസ്റ്റേറ്റ് ഫോട്ടോഗ്രഫി 360 ഡിഗ്രി ആകുമ്പോൾ

ടൂറിസം മേഖലയിൽ 360 ഡിഗ്രി ഫോട്ടോഗ്രഫി ഏറെ മുന്നേറിക്കഴിഞ്ഞിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് മേഖലയിലും, കുറ്റാന്വേഷണ രംഗത്തുമാണ് ഇത് ഏറെ ഉപകാരപ്രദമെന്ന് ലീൻ തോബിയാസ് പറയുന്നു. വസ്തുക്കളുടെ വിൽക്കൽ വാങ്ങലുകൾ മിക്കതും പരസ്യം, ബ്രോഷർ പ്രചാരണങ്ങൾ, എന്നിവയിലൂടെയാണ് ഇപ്പോൾ നടക്കുന്നത്. ഇടനിലക്കാർ വഴിയുള്ള ഇടപാടുകളും കുറവല്ല. ഇതിലെല്ലാം പണം മുടക്കി വാങ്ങുന്നയാൾ പൂർണ്ണതൃപ്തിയോടെ വസ്തു തെരഞ്ഞെടുക്കാനുള്ള കാരണങ്ങൾ കുറവാണ്. ഒരു വിശ്വാസത്തിന്റെ പുറത്ത് തീരുമാനമെടുക്കുന്നവരും ഉണ്ട്. വാങ്ങാനുദ്ദേശിക്കുന്ന വസ്തുവിന്റയോ ഫ്ളാറ്റിന്റെയോ 360 ഡിഗ്രിയിലുള്ള ഒരു ഫോട്ടോ കാണുന്നയാൾക്ക് ഇത്തരം ആശയക്കുഴപ്പങ്ങൾ ഉണ്ടാകില്ല. ഒരു പുരയിടമാണെങ്കിലും, ഫ്ളാറ്റോ, വില്ലയോ ആണെങ്കിലും അതിന്റെ യഥാർത്ഥ ദൃശ്യം വാങ്ങാനുദ്ദേശിക്കുന്നയാൾക്ക് ലഭിക്കും. വസ്തുവിന് പണം മുടക്കേണ്ടയാൾ സ്ഥലത്തില്ലെന്നു കരുതുക. വീട്ടുകാർ ഒരു പുരയിടം, ഫ്ളാറ്റ് കണ്ട് ഇഷ്ടപ്പെട്ടാലും അത് വാങ്ങാൻ തീരുമാനം എടുക്കേണ്ടത് പ്രസ്തുത വ്യക്തിയാണ്. വീട്ടുകാർ വസ്തുവിന്റെ ഒരു 360 ഡിഗ്രി ഫോട്ടോ ഇദ്ദേഹത്തിന് അയച്ചു കൊടുക്കുന്നു. അല്ലെങ്കിൽ ബിൽഡേഴ്സ് ഗ്രൂപ്പിന്റെ വെബ്സൈറ്റിലുള്ള ഫോട്ടോ കാണാൻ പറയുന്നു. ഫ്ളാറ്റായാലും പുരയിടമായാലും നടന്നു കണ്ട അനുഭവമാണ് അദ്ദേഹത്തിനുണ്ടാകുക. വാക്കുകൾക്കപ്പുറമുള്ള യാഥാർത്ഥ്യം ഈ ചിത്രത്തിലൂടെ ലഭിക്കുന്നു. ഇവിടെ തീരുമാനവും എളുപ്പമാകുന്നു. വാങ്ങാനുദ്ദേശിക്കുന്ന ഫ്ളാറ്റിന്റെ 360 ഡിഗ്രി ചിത്രമാണ് കാണുന്നതെങ്കിൽ എൻട്രൻസിൽ തുടങ്ങി അകത്തളങ്ങളിലൂടെ കയറിയിറങ്ങി ലാൻഡ്സ്കേപ്പിലും പരിസരദൃശ്യങ്ങളിലും അവസാനിക്കുന്ന വിധം കൃത്യമായ സൂചകങ്ങൾ ഫോട്ടോയ്ക്ക് മുകളിലെ ഐക്കണിൽ തെളിയും. ഇതനുസരിച്ച് ഇഷ്ടമുള്ള ഭാഗങ്ങൾ കാണാം. സ്മാർട്ട് ഫോൺ ഉള്ളവർക്ക് വിർചൽ റിയാലിറ്റി ഹെഡ്സെറ്റ് ഉപയോഗിച്ച് ദൃശ്യങ്ങൾ യാഥാർത്ഥ്യത്തിന്റെ പരിപൂർണ്ണതയിൽ ഉൾക്കൊണ്ട് മനസ്സിലാക്കാം. ലെൻസിന്റെ ഗുണമേന്മ അനുസരിച്ച് 150 രൂപ മുതലുള്ള വിർചൽ റിയാലിറ്റി ഹെഡ്സെറ്റുകൾ ഇപ്പോൾ ലഭ്യമാണ്. പ്രോപ്പർട്ടി ഷോകളിലും, യോഗങ്ങളിലും മറ്റും ബിൽഡർമാർ സൗജന്യമായി ഇത്തരം ഹെഡ്സെറ്റുകൾ നൽകുന്നുമുണ്ട്.

അസറ്റ് ലീനിയേജ്, ഫെഡറൽ ബാങ്ക്, കെന്റ് ഇല്ലം, കെന്റ് നാലുകെട്ട് (കൊച്ചി), അസറ്റ് സിഗ്നേച്ചർ (തിരുവനന്തപുരം), ശോഭാ സിറ്റി (തൃശ്ശൂർ), സ്കൈലൈൻ റാഞ്ച് (കൊച്ചി) തുടങ്ങിയ ഗ്രൂപ്പുകൾക്ക് വേണ്ടി ലീൻ തോബിയാസ് ഇതിനകം റിയൽ എസ്റ്റേറ്റ് ഫോട്ടോഗ്രഫി ചെയ്തുകഴിഞ്ഞു. 'ഗൈറോസ്കോപ്പിക്ക് സാങ്കേതികതയാണ് 360 ഡിഗ്രിയിൽ പ്രധാനം. റിയൽ എ



ഗ്രാൻഡ്മോസ്കിന്റെ ഉൾഭാഗത്തെ 360 ഡിഗ്രി ദൃശ്യം

സ്റ്റേറ്റ് ഫോട്ടോഗ്രഫിയിലാണെങ്കിൽ എച്ച്.ഡി.ആർ(ഹൈ ഡൈനാമിക്ക് റേഞ്ച്) ടെക്നോളജി നിർബന്ധമാണ്. 360 ഡിഗ്രി ചിത്രങ്ങൾ കൂടുതൽ ജീവസ്സുറ്റതാക്കാൻ അനുയോജ്യമായ നല്ല സാഹിത്യം, സംഗീതം, വിവരണം തുടങ്ങിയവ പിന്നണിയിൽ നൽകാം. എന്നാൽ അനിമേഷൻ ഉൾപ്പെടുത്തുന്നത് ഗുണം ചെയ്യില്ല'. ലീൻ തോബിയാസ് പറയുന്നു.

## ആർക്കിടെക്ചറൽ ഫോട്ടോഗ്രഫിയിലെ ലീൻ ടച്ച്

റിയൽ എസ്റ്റേറ്റ് ഫോട്ടോഗ്രഫിയെന്നത് വാങ്ങുന്നയാളെയും വിൽക്കുന്നയാളെയും മാത്രം ബാധിക്കുന്നതാണെങ്കിൽ 360 ഡിഗ്രി ആർക്കിടെക്ചറൽ ഫോട്ടോഗ്രഫിയുടെ ലോകം വളരെ വിശാലമാണ്. ചരിത്ര സ്മാരകങ്ങളും, ആരാധനാലയങ്ങളും, കൊട്ടാരങ്ങളും, റിസോർട്ടുകളും, ഹോട്ടലുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്നു വേണ്ട എല്ലാ വാസ്തുകലാ നിർമ്മിതികളും ഇതിലുൾപ്പെടുത്താം. 360 ഡിഗ്രി ഫോട്ടോ നോക്കി വിലയിരുത്തി റിസോർട്ടും, ഹോട്ടൽ റൂമുകളും വിനോദ സഞ്ചാരികൾക്കും ആവശ്യക്കാർക്കും തിരഞ്ഞെടുക്കാം. കുട്ടികളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങളെക്കുറിച്ചും മറ്റും വീട്ടിലുള്ളവർക്ക് അറിയാൻ ഈ ഫോട്ടോകൾ പ്രയോജനപ്പെടും. സ്മാരകങ്ങളും, ആരാധനാലയങ്ങളും അതത് സ്ഥലങ്ങളിൽ പോയി കാണാനാകാത്തവർക്ക് വിർച്വൽ റിയാലിറ്റി അനുഭവം പകരുന്ന ഈ ചിത്രങ്ങളിലൂടെ വിഷ്വൽ ടൂർ നടത്താം. സ്ഥലങ്ങളും സ്മാരകങ്ങളും സന്ദർശിക്കാൻ സമയവും പണവും ഉള്ളവർക്ക് അതിനുള്ള പ്രചോദനവും ആവേശവും കൂടിയാകുന്നു ഈ ചിത്രങ്ങളിലൂടെയുള്ള കണ്ണോടിക്കൽ. യുനെസ്ക്കോയ്ക്ക് വേണ്ടിയും ടൂറിസം പ്രചാരണത്തിന് വേണ്ടിയും വിവിധ രാജ്യങ്ങളിൽ സ്മാരകങ്ങളുൾപ്പെടെയുള്ള നിർമ്മിതികളുടെ 360 ഡിഗ്രി ഫോട്ടോകളും ജിഗാ ചിത്രങ്ങളും ലീൻ എടുത്തത് അദ്ദേഹത്തിന്റെ വെബ്സൈറ്റിൽ (www.p4panorama.com) കാണാം. ആരാധനാലയങ്ങളും പുണ്യ -പുരാതന നിർമ്മിതികളും കൊണ്ട് സമ്പന്നമായ ജോർദ്ദാൻ നദിക്കും മെഡിറ്ററേനിയൻ കടലിനും ഇടയിലുള്ള വിശുദ്ധനാട്, ശ്രീലങ്കയിലെ ദാംമ്പുള്ള ഗുഹാ ക്ഷേത്രം, വിശുദ്ധ -പുരാതന നഗരങ്ങളായ അനുരാധപുര, സിരിഗയ, സീത അമ്മൻ ടെംപിൾ, യു.എ.ഇ. യുടെ തലസ്ഥാനമായ അബുദാബിയിലെ ശൈഖ് സയ്യിദ് ഗ്രാൻഡ് മോസ്ക്ക്, ഡൽഹിയിലെ ലോട്ടസ് ടെംപിൾ, ബെംഗ്ളൂരുവിലെ ദി ആർട്ട് ഓഫ് ലിവിങ് ഇന്റർനാഷണൽ സെന്റർ, മധുര മീനാക്ഷി ക്ഷേത്രം, തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രം, ന്യൂഡൽഹിയിലെ ഇന്ത്യാ ഗേറ്റ്, കോഴിക്കോട് കടവ് റാവീസ് ഹോട്ടൽ, റാവീസ് ഹോട്ടൽ അഷ്ടമുടി, റമദാ റിസോർട്ട് കൊച്ചി എന്നിവ ലീൻ തോബിയാസിന്റെ 360 ഡിഗ്രി ഫോട്ടോഗ്രഫി ഉദ്യമങ്ങളിൽ ചിലതാണ്.

കൊച്ചിയിലെ നിപ്പോൺ ടൊയോട്ട ഷോറൂമിന്റെ 360 ഡിഗ്രി ഫോട്ടോ



## ഒറ്റ ഫ്രെയ്മിൽ ഒതുങ്ങില്ല ഈ പരീക്ഷണങ്ങൾ

ഫോട്ടോഗ്രഫിയുടെ ലോകത്ത് 15 വർഷങ്ങൾ പിന്നിട്ട ലീൻ തോബിയാസിന് ഫോട്ടോഗ്രാഫർ എന്നതിനേക്കാൾ ക്രിയേറ്റീവ് ഡയറക്ടർ എന്ന വിലാസമാണ് കൂടുതൽ യോജിക്കുക. ഫോട്ടോഗ്രഫിയിലെ പുതുമ തേടിയാണ് അദ്ദേഹത്തിന്റെ സഞ്ചാരങ്ങളെല്ലാം. 360 ഡിഗ്രി വിർച്വൽ റിയാലിറ്റി ഫോട്ടോഗ്രഫിക്ക് പുറമേ ഇൻഡസ്ട്രിയൽ, ആർക്കിടെക്ചറൽ ഫോട്ടോഗ്രഫി, ഏരിയൽ ഫോട്ടോഗ്രഫി, 3 ഡി ഫോട്ടോഗ്രഫി, ജിഗാപിക്സൽ ഇമേജിങ്, ഈവന്റ്സ് ഇൻ 360 എന്നിങ്ങനെ പോകുന്നു പരീക്ഷണ മേഖലകൾ. ദുബായിലും കോട്ടയത്തുമായി പി 4 പനോരമ എന്ന സ്ഥാപനം നടത്തുന്ന ഇദ്ദേഹത്തിന്റെ വിവിധ മേഖലകളിലെ വിർച്വൽ ടൂറുകൾക്ക് ലോകമെങ്ങും കാഴ്ചക്കാരുണ്ട്. ബ്രിട്ടനിലെ തോംസൺ ഫൗണ്ടേഷൻ, ഐ.എഫ്.ആർ.എ ഏഷ്യ, ലൈറ്റ് ആൻഡ് ലൈഫ് അക്കാദമി (ഇന്ത്യ), ചെക്ക് റിപബ്ലിക്ക് എന്നിവിടങ്ങളിൽ ഫോട്ടോഗ്രഫിയിൽ പ്രത്യേക പരിശീലനം നേടിയ ശേഷമാണ് ഈ രംഗത്തെ പുതു പരീക്ഷണങ്ങളിൽ ലീൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അന്താരാഷ്ട്ര സംഘടനയായ ഐ.വി.ആർ.പി.എ (ഇന്റർനാഷണൽ വിർച്വൽ റിയാലിറ്റി ഫോട്ടോഗ്രഫി അസോസിയേഷൻ)യിൽ അംഗത്വമുള്ള ഇന്ത്യയിൽ നിന്നുള്ള അപൂർവ്വം ചിലരിൽ ഒരാളാണിദ്ദേഹം. ഗാന ഗന്ധർവ്വൻ യേശുദാസിന്റെ ആത്മാംശങ്ങൾ ഉൾപ്പെടുത്തിയുള്ള അപൂർവ്വ ഫോട്ടോകളുടെ ശേഖരമായ ഫോട്ടോ ബയോഗ്രഫി 'എന്റെ ഗന്ധർവ്വൻ' ലിംകാ ബുക്ക് ഓഫ് നാഷണൽ റെക്കോഡ്സിൽ ഇടംനേടിയിട്ടുണ്ട്. തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ഗോപുരത്തിന്റെ ജിഗാ ഇമേജും ഇതേ നേട്ടം സ്വന്തമാക്കി. കൊല്ലം സ്വദേശിയായ ഇദ്ദേഹത്തിന് മികച്ച ഫോട്ടോഗ്രാഫർക്കുള്ള സംസ്ഥാന സർക്കാറിന്റെ ടൂറിസം പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ■